[Except Idukki]
2/6/15

**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

കെ.എസ്സ്./എഫ്/6701/2013 01..06..2015

പ്രേക്ഷിതൻ

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

സ്വീകർത്താവ്

ജില്ലാ മിഷൻ കോർഡിനേറ്റർ

ജില്ല

സർ,

വിഷയം:- കുടുംബശ്രീ - എൻ.യു.എൽ.എം. 2015-16 വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്ക് പ്രാരംഭതുക അനുവദിക്കുന്നത്-സംബന്ധിച്ച്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) പദ്ധതിയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തിരം ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 14 നഗരസഭകളെയാണ് പദ്ധതിക്കായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി ഒരു കോടി രൂപയുടെ ചെക്ക് ഇതോടൊപ്പം അയയ്ക്കുന്നു. നിലവിൽ എസ്ജെഎസ്ആർവൈ പദ്ധതിക്കായി പ്രത്യേകം തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ തുക നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് എൻ.യു.എൽ.എം. അക്കൗണ്ടായി മേലിൽ പരിഗണിക്കേണ്ടതുമാണ്. പ്രസ്തുത തുക എൻ.യു.എൽ.എം. പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട നഗരസഭകൾക്ക് സംസ്ഥാന മിഷന്റെ നിർദ്ദേശ പ്രകാരം കൈമാറേണ്ടതുമാണ്. തുക സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് മടക്കത്തപാലിൽ നൽകേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ഉടനടി അയച്ചു തരേണ്ടതാണ്.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax : 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

1. നിലവിലുള്ള അക്കൗണ്ട് (എസ്ജെഎസ്ആർവൈ)യിലുള്ള 31.05.2015 ലെ ബാലൻസ് തുക
2. പ്രസ്തുത അക്കൗണ്ട് നമ്പർ, ബാങ്ക്, ബ്രാഞ്ച്, ഐഎഫ്എസ്സി കോഡ്
3. എസ്ജെഎസ്ആർവൈ പദ്ധതിയുടെ വിനിയോഗം ഏതു വർഷം വരെ ഓഡിറ്റ് ചെയ്തിട്ടുണ്ട്.
4. ജില്ലകളിലെ യുഎൽബികളിൽ എസ്ജെഎസ്ആർവൈ ഫണ്ട് വിനിയോഗം ഏതുവർഷം വരെ ഓഡിറ്റ് ചെയ്തിട്ടുണ്ട്

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എൻ.യു.എൽ.എം)